## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *62** **25.01.2018-ന് മറുപടിയ്ക്ക്**

### വനഭൂമിയുടെ സംരക്ഷണം

**ചോദ്യം**

ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ. റ്റി.വി.രാജേഷ്
ശ്രീ. ജെയിംസ് മാത്യു
ശ്രീ. കെ.ഡി.പ്രസേനൻ

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാഭാവിക വനഭൂമിയുടെ സംരക്ഷണത്തിനായി സർവ്വേ നടത്തി വനാതിർത്തി വേർതിരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | സ്വാഭാവിക വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി സർവ്വേ നടത്തി വേർതിരിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നു വരുന്നു. അപ്രകാരം സർവ്വേ നടത്തി 2016-17 വർഷത്തിൽ 12,500-ൽപരം ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ ഇതുവരെ 9,200 ഓളം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | വനാതിർത്തി വേർതിരിക്കാത്തതുകൊണ്ട് വനഭൂമിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വകാര്യ സ്ഥലം കൈമാറ്റം നടത്തുന്നതിനും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നത് പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | വനാതിർത്തി വേർതിരിക്കാത്തതു കൊണ്ട് വനഭൂമിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് സ്വകാര്യ സ്ഥലം കൈമാറ്റം നടത്തുന്നതിനും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും കാലതാമസം വരുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വനാതിർത്തി പൂർണ്ണമായും സ്ഥിരം ജണ്ടനിർമ്മിച്ച് വേർതിരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | 1977 ജനുവരി 1 ന് ശേഷമെന്നുകരുതുന്ന വനം കയ്യേറ്റം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം ഭൂമി തിരിച്ചുപിടിക്കാൻ എടുത്തിട്ടുള്ള നടപടി എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ? | (സി) | 1977 ജനുവരി 1 ന് ശേഷം 31.03.2016 വരെ കണ്ടെത്തിയിട്ടുള്ള വനം കയ്യേറ്റം 7801.10 ഹെക്ടർ ഭൂമിയാണ്. കേരള ലാന്റ് കൺസർവൻസി ആക്ട് (1957), കേരള ഫോറസ്റ്റ് ആക്ട് (1961) എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ടി പ്രവൃത്തി കോടതി വിധി കൈപ്പറ്റിയ തീയിതി മുതൽ 6 മാസത്തിനകം ആരംഭിച്ച് അടുത്ത 6 മാസത്തിനകം പൂർത്തീകരിക്കുന്നതിനും 04.09.2015 ൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) കോടതി ഉത്തരവ് 20.01.2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും, യോഗ തീരുമാന പ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടുകയും ചെയ്തു.<br>2) ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.<br>3) ഏതാനും സ്ഥലങ്ങളിൽ വനം കൈയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.<br>4) 04.09.2015 ലെ ബഹു. ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**